## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2960 19.06.2014 ലെ മറുപടിയ്ക്ക്

**പോത്തൻകോട് കേന്ദ്രമായി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാലോട് രവി | | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷം പോത്തൻകോട് കേന്ദ്രമായി ഒരു സിവിൽ സ്റ്റേഷൻ നിർമ്മിക്കും എന്ന ബജറ്റ് പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിൻമേൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കി സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. വിശദമായ ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) സിവിൽ സ്റ്റേഷന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്ന തെന്നും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | | |
| (ഡി) സിവിൽസ്റ്റേഷൻ നിർമ്മാണത്തിന് അടിയന്തിരമായി ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ